# THE THANKSGIVING OF WOMEN AFTER CHILD-BIRTH

### COMMONLY CALLED

## The Churching of Women

## പ്രസവസ്തോത്ര ശുശ്രൂഷക്രമം

‡ സ്ത്രീ പ്രസവിച്ചശേഷം പതിവായ സമയത്തു [തന്റെ ഭർത്താവും വരുവാൻ ആഗ്രഹിക്കുന്ന പക്ഷം അവനുമൊരുമിച്ചു] പള്ളിയിൽ വന്നു പതിവിൻപ്രകാരം സൗകര്യമായ ഒരു സ്ഥലത്തു മുട്ടുകുത്തണം; അപ്പോൾ ശുശ്രൂഷകൻ അവളോടു പറയേണ്ടത്.

സർവ്വശക്തിയുള്ള ദൈവത്തിനു തന്റെ നന്മ കൊണ്ടു നിനക്കു സുഖമായുള്ള പ്രസവം തരുവാനും, പ്രസവമാകുന്ന വലിയ ആപത്തിൽനിന്നു നിന്നെ കാത്തുരക്ഷിപ്പാനും ഇഷ്ടം തോന്നിയിരിക്കകൊണ്ടു നീ ദൈവത്തിനു മനഃപൂർവ്വമായി സ്തോത്രംചെയ്തു ചൊല്ലേണ്ടത്.

‡ അതിന്റെ ശേഷം ശുശ്രൂഷകൻ 116—ാം സങ്കീർത്തനം വായിക്കണം.

1 യഹോവ എന്റെ പ്രാർത്ഥനയും യാചനകളും കേട്ടതുകൊണ്ടു ഞാൻ അവനെ സ്നേഹിക്കുന്നു.

2 അവൻ തന്റെ ചെവി എങ്കലേക്കു ചായിച്ചതുകൊണ്ടു ഞാൻ ജീവകാലമൊക്കെയും അവനെ വിളിച്ചപേക്ഷിക്കും.

3 മരണപാശങ്ങൾ എന്നെ ചുററി, പാതാളവേദനകൾ എന്നെ പിടിച്ചു; ഞാൻ കഷ്ടവും സങ്കടവും അനുഭവിച്ചു.

4 അയ്യോ, യഹോവേ, എന്റെ പ്രാണനെ രക്ഷിക്കേണമേ എന്നു ഞാൻ യഹോവയുടെ നാമം വിളിച്ചപേക്ഷിച്ചു.

5 യഹോവ കൃപയും നീതിയും ഉള്ളവൻ; നമ്മുടെ ദൈവം കരുണയുള്ളവൻ തന്നേ.

6 യഹോവ അല്പബുദ്ധികളെ പാലിക്കുന്നു; ഞാൻ എളിമപ്പെട്ടു, അവൻ എന്നെ രക്ഷിച്ചു.

7 എൻമനമേ, നീ വീണ്ടും സ്വസ്ഥമായിരിക്ക; യഹോവ നിനക്ക് ഉപകാരം ചെയ്തിരിക്കുന്നു.

8 നീ എന്റെ പ്രാണനെ മരണത്തിൽനിന്നും എന്റെ കണ്ണിനെ കണ്ണുനീരിൽനിന്നും എന്റെ കാലിനെ വീഴ്ചയിൽനിന്നും രക്ഷിച്ചിരിക്കുന്നു.

9 ഞാൻ ജീവനുള്ളവരുടെ ദേശത്തു യഹോവയുടെ മുമ്പാകെ നടക്കും.

10 ഞാൻ വലിയ കഷ്ടതയിൽ ആയി എന്നു പറഞ്ഞപ്പോഴും ഞാൻ വിശ്വസിച്ചു.

11 സകല മനുഷ്യരും ഭോഷ്കു പറയുന്നു എന്നു ഞാൻ എന്റെ പരിഭ്രമത്തിൽ പറഞ്ഞു.

12 യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന് എന്തു പകരം കൊടുക്കും?

13 ഞാൻ രക്ഷയുടെ പാനപാത്രം എടുത്തു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും.

14 യഹോവയുടെ ആലയത്തിന്റെ പ്രാകാരങ്ങളിലും. യെരൂശലേമേ, നിന്റെ നടുവിലും, ഞാൻ യഹോവെക്കു എന്റെ നേർച്ചകളെ അവന്റെ സകല ജനവും കാൺകെ കഴിക്കും. യഹോവയെ സ്തുതിപ്പിൻ.

പിതാവിന്നും പുത്രന്നും പരിശുദ്ധാത്മാവിന്നും മഹത്വം ഉണ്ടാകട്ടെ;

ആദിയിങ്കലും ഇപ്പോഴും എന്നേക്കുമുള്ള പ്രകാരംതന്നേ ആമെൻ.

## അല്ലെങ്കിൽ 127—ാം സങ്കീർത്തനം

1 യഹോവ വീടു പണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു; യഹോവ പട്ടണം കാക്കാതിരുന്നാൽ കാവല്ക്കാരൻ വൃഥാ ജാഗരിക്കുന്നു.

2 നിങ്ങൾ അതികാലത്തു എഴുന്നേല്ക്കുന്നതും നന്നാ താമസിച്ചു കിടപ്പാൻ പോകുന്നതും കഠിനപ്രയത്നം ചെയ്തു ഉപജീവിക്കുന്നതും വ്യർത്ഥമത്രേ; തന്റെ പ്രിയന്നോ, അവൻ അതു ഉറക്കത്തിൽ കൊടുക്കുന്നു.

3 മക്കൾ, യഹോവ നല്കുന്ന അവകാശവും ഉദരഫലം, അവൻ തരുന്ന പ്രതിഫലവും തന്നേ.

4 വീരന്റെ കയ്യിലെ അസ്ത്രങ്ങൾ എങ്ങനെയോ അങ്ങനെയാകുന്നു യൗവനത്തിലെ മക്കൾ.

5 അവയെക്കൊണ്ടു തന്റെ ആവനാഴിക നിറച്ചിരിക്കുന്ന പുരുഷൻ ഭാഗ്യവാൻ; നഗരവാതില്ക്കൽ വെച്ചു ശത്രുക്കളോടു സംസാരിക്കുമ്പോൾ അങ്ങനെയുള്ളവർ ലജ്ജിച്ചുപോകയില്ല.

പിതാവിന്നും പുത്രന്നും പരിശുദ്ധാത്മാവിന്നും മഹത്വം ഉണ്ടാകട്ടെ.

ആദിയിങ്കലും ഇപ്പോഴും എന്നേക്കുമുള്ള പ്രകാരംതന്നേ. ആമെൻ.

‡ **അതിൻെറ ശേഷം ശുശ്രൂഷകൻ പറയേണ്ടതു്.**

നമുക്കു പ്രാർത്ഥിക്കാം

കർത്താവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.

*മശിഹായേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.*

കർത്താവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.

**സ്വ**ർഗ്ഗസ്ഥനായ ഞങ്ങളുടെ **പി**താവേ, **നി**ൻെറ നാമം വിശുദ്ധീകരിക്കപ്പെടേണമേ. **നി**ൻെറ രാജ്യം വരേണമേ. **നി**ൻെറ ഇഷ്ടം സ്വർഗ്ഗത്തിലെ **പോ**ലെ ഭൂമിയിലും ചെയ്യപ്പെടേണമേ. **ഞ**ങ്ങളുടെ ദിവസവുമുള്ള ആഹാരം ഇന്നു ഞങ്ങൾക്കു തരേണമേ. **ഞ**ങ്ങളുടെ നേരെ കുററം ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ **ഞ**ങ്ങളുടെ കുററങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. **ഞ**ങ്ങളെ പരീക്ഷയിലേക്കു കടത്താതെ ദോഷത്തിൽനിന്നു ഞങ്ങളെ രക്ഷിക്കേണമേ. **എ**ന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ. ആമെൻ.

ശുശ്രൂഷകൻ: കർത്താവേ, നിൻെറ ഈ ദാസിയെ രക്ഷിക്കേണമേ.

പ്രതിവാക്യം: ഇവൾ നിങ്കൽ ആശ്രയിക്കുന്നുവല്ലോ.

ശുശ്രൂഷകൻ: കർത്താവേ, നീ ഇവൾക്കു ബലമുള്ള ഗോപുരമായിരിക്കേണമേ.

പ്രതിവാക്യം: ഇവളുടെ ശത്രുവിൻെറ മുഖത്തുനിന്നുതന്നേ.

ശുശ്രൂഷകൻ: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

പ്രതിവാക്യം: ഞങ്ങളുടെ നിലവിളിയും തിരുസന്നിധിയിൽ വരുമാറാകട്ടെ.

ശുശ്രൂഷകൻ: നമുക്കു പ്രാർത്ഥിക്കാം.

1

**സ**ർവ്വശക്തിയുള്ള ദൈവമേ, നിൻെറ ഈ ദാസിയെ പ്രസവത്തിൻെറ വലിയ വേദനയിൽനിന്നും ആപത്തിൽനിന്നും രക്ഷിപ്പാൻ നിനക്ക് ഇഷ്ടം തോന്നിയിരിക്കകൊണ്ടു ഞങ്ങൾ നിനക്കു വിനയമുള്ള സ്തോത്രം ചെയ്യുന്നു. മഹാ കരുണയുള്ള പിതാവേ, നിൻെറ സഹായംകൊണ്ട് ഇപ്പോഴത്തെ ആയുസ്സിൽ ഇവൾ വിശ്വാസമുള്ളവളായി ജീവിച്ചു, നിൻെറ ഇഷ്ടപ്രകാരം നടന്നു, വരുവാനുള്ള ആയുസ്സിൽ നിത്യമഹത്വത്തിനു ഓഹരിയുള്ളവളായിത്തീരേണമെന്നു ഞങ്ങളുടെ കർത്താവായ യേശുമശിഹാ മൂലം ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.

ആമെൻ.

2

**ഞ**ങ്ങളുടെ സ്വർഗ്ഗസ്ഥപിതാവായ ദൈവമേ, നിൻെറ ഈ ദാസിയെ അനുഗ്രഹിപ്പാനും ഇവൾക്കു ഒരു പൈതലിനെ ദാനമായി നല്കുവാനും നിനക്ക് ഇഷ്ടം തോന്നിയിരിക്കകൊണ്ടു, ഞങ്ങൾ നിനക്കു സ്തോത്രം ചെയ്തു നിൻെറ മഹത്വമുള്ള നാമത്തെ സ്തുതിക്കുന്നു. മഹാ കരുണയുള്ള പിതാവേ, ഇവൾ (തൻെറ ഭർത്താവിനോടുകൂടെ) തങ്ങളുടെ വലിയ അനുഗ്രഹത്തിന്നും നിൻെറ നാമത്തിൻെറ മഹത്വത്തിന്നുമായി തങ്ങളുടെ പൈതലിനെ നീതിയുടെ മാർഗ്ഗത്തിൽ ജാഗ്രതയോടെ നടത്തേണ്ടതിന്നു കൃപ

നല്കേണമെന്നു ഞങ്ങളുടെ കർത്താവായ യേശുമശിഹാമൂലം ഞങ്ങാം നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

‡ ശിശു ജീവിച്ചിരിപ്പില്ല എങ്കിൽ രണ്ടാമത്തേതിനു പകരം മൂന്നാമത്തെ അപേക്ഷ ഉപയോഗിക്കണം.

3

ദൈവമേ, നിൻെറ വഴികാം മറഞ്ഞിരിക്കുന്നവയും നിൻെറ പ്രവൃത്തികാം മഹാ അത്ഭുതമുള്ളവയും ആകുന്നുവല്ലോ; നീ വ്യർത്ഥമായി ഒന്നും സൃഷ്ടിക്കാത്തവനും നീ സൃഷ്ടിച്ചിട്ടുള്ളതിനെ എല്ലാം സ്നേഹിക്കുന്നവനുമാകുന്നു. ഹൃദയം നുറുങ്ങിയും ഞെരുങ്ങിയും ഇരിക്കുന്ന ഈ നിൻെറ ദാസിയെ ആശ്വസിപ്പിക്കേണമേ; വരുവാനുള്ള ലോകത്തിൽ നിൻെറ വാഗ്ദത്തങ്ങളുടെ പൂർണ്ണത ലഭിക്കത്തക്കവണ്ണം ഈ ആയുസ്സിൽ ഇവാം നിന്നെ സേവിച്ചു സ്നേഹിക്കേണ്ടതിന്നു കൃപ നല്കേണമെന്നു ഞങ്ങളുടെ കർത്താവായ യേശുമശിഹാമൂലം ഞങ്ങാം നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

ആശീർവ്വാദം

ദൈവത്തിൻെറ കൃപയുള്ള കരുണയിലും സംരക്ഷണയിലും ഞങ്ങാം നിന്നെ ഭരമേല്പിക്കുന്നു. കർത്താവു നിന്നെ അനുഗ്രഹിച്ചു, നിന്നെ കാക്കട്ടെ. കർത്താവു തിരുമുഖം നിൻെറമേൽ പ്രകാശിപ്പിച്ച് നിന്നോടു കൃപയുള്ളവനാകട്ടെ. കർത്താവു തിരുമുഖപ്രസാദം നിൻെറമേൽ ഉയർത്തി, നിനക്ക് ഇപ്പോഴും എപ്പോഴും സമാധാനം നല്കുമാറാകട്ടെ. ആമെൻ.

‡ സ്തോത്രം ചെയ്‌വാൻ വരുന്ന സ്ത്രീ മര്യാദപ്രകാരമുള്ള വഴിപാട് അർപ്പിക്കണം; വിശുദ്ധ സംസർഗ്ഗം ആചരിക്കപ്പെടുന്നു എങ്കിൽ അവാം അതിൽ സംബന്ധിക്കുന്നതു കൊള്ളാം.